പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2052 — 17.06.2014-ൽ മറുപടിയ്ക്ക്

# ചെറായി സബ്സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ചെറായി സബ്സ്റ്റേഷന്റെ കമ്മീഷനിംഗിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ . | (എ) | ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ആനച്ചാൽ മുതൽ ഏഴിക്കരവരെയുള്ള പ്രദേശ വാസികളുടെ നിരവധി പരാതികൾ എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പരിഗണനയിലാണ്. ഈ കേസുകൾ തീർപ്പാക്കിയ ശേഷം മാത്രമേ ഈ ലൈൻ നിർമ്മാണം പൂർത്തിയാക്കി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാവൂ. |
| (ബി) | ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ഏതെല്ലാം തീയതിയിലെന്നും വിശദീകരിക്കാമോ ; | (ബി) | ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 3 കേസുകൾ പരിഗണനയിലുണ്ടായിരുന്നു.<br>15.03.2013-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി എ. ഡി. എം. നോട് ഈ 3 കേസ്സുകളും പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു.<br>എ.ഡി.എം.ന്റെ 27.07.2013-ലെ നിർദ്ദേശ പ്രകാരം 31-10-2013-ൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിൽ പരിഗണനയിലായിരിക്കുന്ന 2 ലൈൻ റൂട്ടുകൾ സംബന്ധിച്ച സർവ്വേ വിവരങ്ങൾ എ. ഡി. എം. നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷന് നൽകിയിരുന്നു. എന്നാൽ കമ്മീഷൻ ഒറിജിനൽ റൂട്ടിൽ മാത്രമേ പരിശോധന നടത്തിയിരുന്നുള്ളൂ. പരാതിക്കാർ നിർദ്ദേശിച്ച ബദൽ റൂട്ടിന്റെ പരിശോധന സാധിച്ചിരുന്നില്ല.<br>11.02.2014-ൽ എ. ഡി. എം. പ്രസ്തുത തടസ്സവാദത്തിന്മേൽ ഹിയറിംഗ് നടത്തുകയും കമ്മീഷനോട് ഇൻസ്പെക്ഷൻ പുനരാരംഭിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) | ടി പരാതികളിന്മേൽ അന്തിമ ഉത്തരവ് വന്നതിനുശേഷം 18 മാസത്തിനുള്ളിൽ ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ.